(2) THE COCHIN CITIZENS IN ENEMY HANDS PROTECTION BILL

Mr. V. J. Mathai *(Planters):* Sir, I rise to move for leave to introduce the Cochin Citizens in Enemy Hands Protection Bill.

Mr. K. S. Panicker *(Ezhuvas-Mukundapuram):* I second it.

Motion put and carried

RESOLUTIONS

Resolution No. 32

Removal of departmental rule requiring training for appointments to aided schools

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, "ഗ്രാൻഡ് സ്കൂളുകളിലെ പുതിയ നിയമനങ്ങൾ ട്രെയിനിംഗ് കഴിഞ്ഞവരെ മാത്രമെ നിയമിക്കാവൂ എന്ന ഡിപ്പാർട്ട്മെണ്ടിന്റെ നിബ്ബന്ധം പിൻവലിക്കണമെന്നു് ഈ കൌൺസിൽ ഗവമ്മെണ്ടിനോടു് ശുപാർശ ചെയ്യുന്നു" എന്നുള്ളതാണു് എന്റെ പ്രമേയം. ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള അദ്ധ്യാപകന്മാരുടെ നിയമനങ്ങളിൽ മുൻഗണന കൊടുക്കണമെന്നു് ഗവമ്മെണ്ടു് ഒരു നിയമം ഉണ്ടാക്കീട്ടുണ്ടെങ്കിലും, ആ നിയമം ഗ്രാൻഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം മാത്രമേ ഗവമ്മെണ്ടു് ശക്തിയായി കൊണ്ടുവന്നിട്ടുള്ളുവെന്നുള്ളതു് ഇതുവരെയുള്ള സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ നിയമനങ്ങളിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഗവമ്മെണ്ടിന്റെ ഈ നിയമം അനുസരിച്ചു് എല്ലാവരേയും ബാധിക്കുന്ന നിലയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ, ഈ ഗ്രാൻഡ് സ്കൂളുകളുടെ കാര്യത്തിൽ മാത്രം ഗവമ്മെണ്ടു് ഇങ്ങിനെ ചെയ്യുന്നതിൽ വളരെ അനൌചിത്യമുണ്ടു്. ഞാൻ ഒരു സ്കൂൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആ സ്ഥാപനത്തിന്റെ കാര്യത്തിലും, അതിന്റെ നടത്തിപ്പു കാര്യത്തിലും എന്നോടു സഹകരിച്ചു് എനിക്കു് വേണ്ടതായ ആവശ്യങ്ങൾ ചെയ്തതന്നിട്ടുള്ള ഒരാളുടെ മകൻ സ്കൂൾ ഫൈനൽ പാസ്സായി ആ സ്കൂളിൽ ഒരു ജോലി കിട്ടണമെന്നു് ആവശ്യപ്പെട്ടാൽ ഇപ്പോൾ നിലവിലിരിക്കുന്ന നിയമംകൊണ്ടു് അയാൾക്കു് ഉദ്യോഗം കൊടുക്കുവാൻ സാധിക്കാതെ വരുന്നതാണു്. ഒരുപക്ഷെ സ്കൂളിന്റെ ക്ഷേമത്തിനു് ഇതു് വളരെ ആവശ്യമായിരിക്കും. എങ്കിലും ഗവമ്മെണ്ടിന്റെ ഈ നിയമം വെച്ചിരിക്കുന്നിടത്തോളം കാലം ആ സ്ഥാപനത്തിനു് അഭിവൃദ്ധികരമായോ, ക്ഷേമകരമായോ ഉള്ള ഒരു നിയമമാണെന്നു് സാധൂകരിക്കാൻ ഗവമ്മെണ്ടിനു നിവൃത്തിയില്ല. ഇങ്ങിനെ വരുന്നതു് ഗ്രാൻഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അതിന്റെ നിലനില്പിനു് വളരെ ഹാനികരമായി ഭവിക്കുന്നു. എന്നാൽ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള ആളുകളെമാത്രമെ നിയമിക്കുവാൻ പാടുള്ളുവെന്നുള്ള നിയമം ആദ്യം നടപ്പിൽ വരുത്തീട്ടു ആ പ്രാവശ്യം മാനേജുമെണ്ടിനു് അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യത്തിൽ യാതൊരു അധികാരവും, അവകാശവും നൽകാത്തതു് അനാശാസ്യകരമായ ഒരു വ്യവസ്ഥയാണെന്നു് പറയാതെ നിവൃത്തിയില്ല. അതുകൊണ്ടു് ഈ വ്യവസ്ഥ എടുത്തുകളയണമെന്നു് ഞാൻ ഈ നിയമസഭയോടു് അഭ്യർത്ഥിക്കുന്നു.

പിന്നെ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരെ മാത്രമെ നിയമിക്കാവുവെന്നുള്ള വ്യവസ്ഥ ഗവമ്മെണ്ടു് നിയമനങ്ങളിൽ നടപ്പിൽ വരുത്തിയിരിക്കുന്നതുമൂലം സർക്കാർ സ്കൂളുകളിൽ ഫോം ഫോം കൊല്ലം സർവ്വീസുള്ളവരും, ട്രെയിനിംഗ് കഴിയാത്തവരുമായ അദ്ധ്യാപകന്മാരുടെ മീതെ ട്രെയിനിംഗ് കഴിഞ്ഞു ഒരു കൊല്ലമോ, രണ്ടു കൊല്ലമോ മാത്രമായിട്ടുള്ളവരെ ഹെഡ്മാസ്റ്റർമാരായും മറ്റും നിയമിച്ചു കാണുന്നുണ്ടു്. അതിലും വളരെ അനൌചിത്യമുണ്ടെന്നു് പറയാതെ നിവൃത്തിയില്ല. ട്രെയിനിംഗ് കഴിഞ്ഞു ഒരു കൊല്ലമോ, രണ്ടു കൊല്ലമോ മാത്രം അദ്ധ്യാപവൃത്തിയിൽ പരിചയമുള്ള ഒരാളുടെ കഴിവിനേക്കാൾ ഫോ കൊല്ലവും, ഫോ കൊല്ലവും അദ്ധ്യാപകനായിരുന്നിട്ടുള്ള ഒരാൾക്കു കൂടുതൽ കഴിവുണ്ടായിരിക്കയില്ലായെന്നു് ഗവമ്മെണ്ടു് വിശ്വസിക്കുകയോ, വീക്ഷിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതിൽപ്പരം ഒരു ഹിമാലയൻമണ്ടത്തരം വേറെയില്ലെന്നാണു് ഈയവസരത്തിൽ എനിക്കു് ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളതു്. അതുകൊണ്ടു് ഈ നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കത്തക്കവിധത്തിൽ ഗവമ്മെണ്ടു് സ്വീകരിക്കണം. കൂടാതെ കൊച്ചി ഗവമ്മെണ്ടു് സർവ്വീസിൽ ചില ആളുകളെമാത്രം നോക്കി ശമ്പളം നിശ്ചയിക്കുന്ന ഏർപ്പാടും, എന്തെങ്കിലും ചില പ്രത്യേക

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly